**പതിമൂന്നാം കേരളനിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4046** **03/02/2014-ൽ മറുപടിക്ക്**

**എല്ലാ ജില്ലാ ആശുപത്രികളിലും കാൻസർ രോഗ ചികിത്സയ്ക്ക് സൗകര്യം**

**ചോദ്യം** — **മറുപടി**

**ശ്രീ. ബാബു എം. പാലിശ്ശേരി** — **ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | 2012, 2013 എന്നീ വർഷങ്ങളിൽ സംസ്ഥാനത്ത് എത്ര പേർ കാൻസർ അസുഖം ബാധിച്ച് മരണപ്പെട്ടിട്ടുണ്ട് ; | (എ) | 2011 ഏപ്രിൽ മാസം മുതൽ 2012 വരെ 668-ഉം, 2012 ഏപ്രിൽ മാസം മുതൽ 2013 മാർച്ച് മാസം വരെ 737 രോഗികളുമാണ് ആർ.സി.സി.യിൽ കിടന്ന് മരണമടഞ്ഞത്.<br>മലബാർ കാൻസർ സെന്ററിൽ 2012-ൽ 196 രോഗികളും, 2013-ൽ 163 രോഗികളും മരണമടഞ്ഞിട്ടുണ്ട്. |
| (ബി) | കാൻസർ രോഗം പിടിപെടുന്നവരുടെ എണ്ണം ഓരോ വർഷവും വർദ്ധിച്ചു വരുന്നതു കണക്കിലെടുത്ത് എല്ലാ ജില്ലാ ആശുപത്രികളിലും കാൻസർ രോഗ ചികിത്സയ്ക്ക് സൗകര്യം ലഭ്യമാക്കുമോ ; | (ബി) | സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കിയ "ജില്ലാ കാൻസർ പദ്ധതി" യിലൂടെ സംസ്ഥാനത്തുടനീളം ഒരു ജില്ലയിൽ ഒരു പ്രധാന ആശുപത്രി എന്ന നിലയിൽ പരിശീലനം ലഭിച്ച ഡോക്ടർമാർ, നഴ്സുമാർ എന്നിവരെ ഉപയോഗിച്ച് കാൻസർ ചികിത്സ നൽകി വരുന്നു. ജില്ലയിലെ ഒരു പ്രധാന സർക്കാർ ആശുപത്രിയിലാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. |
| (സി) | എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ? | (സി) | 2012-13 സാമ്പത്തിക വർഷത്തിൽ ആരോഗ്യ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് മെഡിക്കൽ കോളേജും, ആർ.സി.സി.യും ഇല്ലാത്ത ജില്ലകളിലെ ഒരു പ്രധാന ആശുപത്രിയിൽ കാൻസർ രോഗത്തിനുള്ള ചികിത്സ ലഭ്യമാക്കുന്നതിന് വേണ്ടി ജില്ലാ കാൻസർ കെയർ പദ്ധതി ആരംഭിച്ചത്. 2013-14 സാമ്പത്തിക വർഷം ഈ പദ്ധതി മറ്റു ജില്ലകളിലേക്ക് വ്യാപിപ്പിക്കുകയുണ്ടായി. ആരോഗ്യ വകുപ്പിൽ ഓങ്കോളജിസ്റ്റുകളുടെ ക്ഷാമമുള്ളതുകൊണ്ട് ആർ.സി.സി., എം.സി.സി. എന്നിവിടങ്ങളിൽ പ്രത്യേക പരിശീലനം നൽകിയ ഡോക്ടർമാർ, നഴ്സുമാർ എന്നിവരെയാണ് ഈ കേന്ദ്രങ്ങളിൽ വിന്യസിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ